LIBRARY ARCHIVES Kerala Legislative Assembly

പാവറട്ടി ശുദ്ധജല പദ്ധതി പ്രവർത്തനം

141 (1869) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ പാവറട്ടി ശുദ്ധജല പദ്ധതി പ്രവർത്തനം പദ്ധതി വിഭാവനം ചെയ്തരീതിക്ക് അനുസൃതമായിട്ടാണോ നടന്നു വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) കേടായ മോട്ടോറുകൾ റീവൈൻഡ് ചെയ്യുന്നതിനും പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) നിലവിൽ പാവറട്ടി പദ്ധതിയിൽനിന്നും ഏതൊക്കെ പ്രദേശങ്ങൾക്കാണ് ശുദ്ധജലം വിതരണം ചെയ്യുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തരീതിയിൽ പൂർണ്ണതോതിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാവറട്ടി ശുദ്ധജല വിതരണപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് 18 പഞ്ചായത്തുകൾക്കുവേണ്ടിയാണ്. എന്നാൽ, ഉറവിടത്തിലെ ജല പരിമിതിമൂലം പദ്ധതി 10 പഞ്ചായത്തുകൾക്കായി പരിമിതപ്പെടുത്തി.

(ബി) കേടായ മോട്ടോറുകൾ റീ-വൈൻഡ് ചെയ്യുന്നതിനും തീരദേശ വികസന പദ്ധതികൾ ഉൾപ്പെടുത്തി പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പാവറട്ടി പദ്ധതിയിൽനിന്നും തൃത്താല, ചാലിശ്ശേരി, നാഗശ്ശേരി, തിരുമിറ്റക്കോട്, കടവല്ലൂർ, പോർക്കുളം, കാട്ടകാമ്പൽ, വടക്കേക്കാട്, പുന്നയൂർ, പുന്നയൂർക്കുളം എന്നീ പത്ത് പഞ്ചായത്തുകൾക്കാണ് ജലവിതരണം നടത്തുന്നത്.

(ഡി) പദ്ധതിയുടെ ഉറവിടത്തിൽ ജലലഭ്യത കുറവായതിനാൽ പദ്ധതി വിഭാവന ചെയ്ത രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. ബാക്കി 8 പഞ്ചായത്തുകളെകൂടി ഉൾപ്പെടുത്തി ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കോവളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെകീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ

142 (1870) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങൾ 2009-10, 2010-11 വർഷങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോൾ ഇവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും അറിയിക്കുമോ ?